# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ :T 5741.

27..10..2011-ൽ മറുപടിക്ക്

## ക്ഷീരകർഷകർക്കുള്ള പാക്കേജ്

**ചോദ്യം**

**ശ്രീ. കെ. രാജു.**

(എ) ക്ഷീരകർഷകർക്കുള്ള പുതിയ പാക്കേജുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണ നയിലുണ്ടോ എന്ന് സദയം വ്യക്ത മാക്കുമോ;

(ബി) ക്ഷീരകർഷകർക്ക് പശുവിനെ വാങ്ങുവാനും മറ്റ് ഡെയറി ആവ ശ്യങ്ങൾക്കും വേണ്ടി ബാങ്കിൽ നിന്നുള്ള 10 ലക്ഷം രൂപ വരെ യുള്ള വായ്പകൾ കൃഷിയിൽ ഉൾപ്പെടുത്തി പലിശ 5% മുതൽ 7% വരെയാക്കി പരിമിതപ്പെടുത്തു വാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതര ക്ഷേമനിധികളെപ്പോലെ ക്ഷീരകർഷകർ അടയ്ക്കുന്ന മുഴു വൻ തുകയും 60 വയസ്സ് തികയു മ്പോൾ പലിശ സഹിതം തിരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാ ക്കുമോ?

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) & (ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രധാന വരുമാന മാർഗ്ഗം ക്ഷീരസംഘങ്ങളിൽ നിന്നും മേഖലാ യൂണിയനുകളിൽ നിന്നും ശേഖരിക്കുന്ന അംശാദായ തുകയും അംഗത്വ ഫീസുമാണ്. ഈ തുകയുപയോഗിച്ചാണ് ക്ഷീരകർഷക പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ക്ഷേമപദ്ധതികൾ ക്ഷീരകർഷകർക്ക് നട പ്പാക്കുന്നത്. ക്ഷീരകർഷകരിൽ നിന്നും ശേഖരിക്കുന്ന മുഴുവൻ തുകയും പലിശ സഹിതം മടക്കി നൽകുക ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല.

സെക്ഷൻ ഓഫീസർ.